# മന്നത്തു പത്മനാഭൻ : വിഷൻ ഓഫ് ഹിന്ദുയിസം
# പ്രകാശനം ചെയ്തു




പ്രൊഫ. ഡോ. സുജാത എസ്. രചിച്ച് നായർ സർവീസ് സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന 'മന്നത്തു പത്മനാഭൻ: വിഷൻ ഓഫ് ഹിന്ദുയിസം എന്ന ഇംഗ്ലീഷ് പുസ്തകത്തിന്റെ പ്രകാശനം മെയ് 29 ബുധനാഴ്ച ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദുകോളേജ് ഓഡിറ്റോറിയത്തിൽ പ്രൗഢഗംഭീരമായ സദസ്സിനെ സാക്ഷിനിർത്തി പ്രശസ്ത സാഹിത്യകാരനും ഗ്രന്ഥകാരനും എഴുത്തച്ഛൻപുരസ്കാര ജേതാവും ആയ സി.രാധാകൃഷ്ണൻ നിർവഹിച്ചു.

ജാതിയുടെയും മതത്തിന്റെയും അനാചാരങ്ങളില്ലാതെ സമൂഹം ഒന്നാണെന്ന ബോധമാണ് സനാതനധർമ്മമെന്ന് അദ്ദേഹം പറഞ്ഞു. എല്ലാ വിശ്വാസങ്ങളും സ്വീകരിക്കുമെന്നു പറയുമ്പോഴും പലതിനെയും ഉൾക്കൊള്ളാൻ ഹൈന്ദവർക്ക് ഈ കാലത്തിലും സാധിക്കുന്നില്ല. ജാതിയുടെയും മതത്തിന്റെയും അനാചാരങ്ങളുടെ വേലിക്കെട്ടു തകർത്ത് മന്നത്തുപത്മനാഭൻ സമൂഹത്തിനും ലോകത്തിനും വേണ്ടി നടത്തിയ പ്രയത്നങ്ങളെക്കുറിച്ചാണ് ഡോ. എസ്. സുജാത ഈ പുസ്തകത്തിലൂടെ പറയുന്നത്. മന്നത്തുപത്മനാഭന്റെ ലേഖനങ്ങളും പ്രസംഗങ്ങളും തിരഞ്ഞെടുക്കാനുള്ള ഗവേഷണബുദ്ധി ചെറിയ കാര്യമല്ലെന്നും സി. രാധാകൃഷ്ണൻ പറഞ്ഞു.

ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഹിന്ദുക്കൾക്കിടയിൽ ഐക്യം കൈവരിക്കാനുള്ള മന്നത്തുപത്മനാഭന്റെ ശ്രമങ്ങൾ പുസ്തകം ചിത്രീകരിക്കുന്നുണ്ടെന്ന് ജനറൽ സെക്രട്ടറി പറഞ്ഞു. എൻ.എസ്.എസ്. എക്സിക്യൂട്ടീവ് കൗൺസിൽ അംഗം ഹരികുമാർ കോയിക്കൽ, ഡയറക്ടർ ബോർഡ് അംഗം പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള, പ്രൊഫ. ഡോ. സുജാത എസ്. എന്നിവർ സംസാരിച്ചു.

മന്നത്തുപത്മനാഭൻ ആൾ ഇന്ത്യാ റേഡിയോനിലയത്തിൽ നടത്തിയ പ്രഭാഷണത്തിന്റെ ശബ്ദരേഖ ചടങ്ങിൽ കേൾപ്പിച്ചത് സദസ്സിന് വേറിട്ടൊരു അനുഭവമായിരുന്നു.